പ്ലാനിങ്ങ് ഫാറത്തിൻെറ ആഭിമുഖ്യത്തിൽ നടത്തിയ 'കവിസമ്മേളന'ത്തിൽ വായിച്ച കവിതകളിൽ സമ്മാനർഹമായവ.

# I ദേശീയാസൂത്രണം

—പി. എ. അബ്ദുറഹിമാൻ B. Sc. II

(വൃത്തം: കേക)

വയറിൻ വിശപ്പൊട്ടും സഹിസ്സാൻ കഴിയാതെ
കരളിൻ നോവലിന്നീ കൃഷകൻ കുഴങ്ങുന്നു.
അരികത്തണഞ്ഞൊരു ചുംബനം നല്ലാൻവെമ്പും
തരളമനസ്സെഴും പൈതലിൻ കോലം കാൺകെ,
ചുടെഴും ബാഷ്പത്താലക്കണ്ണുകൾ നിറയുന്നു
നാടിൻെറ സ്വപ്നം കാക്കും കൃഷകാ, കരകയോ?
പഞ്ഞമാണെങ്ങും, കൊയ്ത്തിൽ വിളകൾ കുറഞ്ഞുപോയ്,
പൊന്നണികതിർക്കുല നിറയെപ്പതിരല്ലോ!
വേദനതിന്നും മർത്ത്യരോദനം കേട്ടിട്ടല്ലം
ഭീതയായപ്പോഴിന്നീ ഭാരതമുണ ൎന്നുപോയ്.
കാഹളം മുഴങ്ങുകയായെങ്ങും, "ഭ്രാതാക്കളേ,
'നാളെ'യെ നന്നായ്പ്പ് പടുത്തീടുവാനുണന്നാലും,
കൃഷകവൃന്ദങ്ങളേ, നിങ്ങളാണിന്നാടിൻെറ—
യൈശ്വര്യം നിർമ്മിപ്പോരിന്നാടിനെപ്പൊന്നാക്കുന്നോർ."
അവരൊത്തൊന്നായൊട്ടിച്ചേർന്നുപോയ്;—വിശപ്പിൻെറ
വിളികൾ ജയിക്കുവാൻ, നാടിനെ നന്നാക്കുവാൻ.
(മാനവപ്രയത്നമേ! വെൽകനീ, നിന്നാലിന്നീ,
ക്ഷോണിയിലസാദ്ധ്യമായെന്തുള്ളു, ജയിസ്സുവാൻ?)
നവമാം വികസന പരിപാടികൾ പൊങ്ങി
കൃഷിതൻ രംഗങ്ങളിൽ പുതുമ വരുത്തീടാൻ
പുതിയ വളങ്ങളീപാടത്തിൽ ചേർത്തീടുന്നു.
വയലിൽ പൊന്നിൻ മുടിക്കെട്ടുകൾ ചൂടാനത്രേ!
'കൃഷകൻ പുരോഗമിച്ചീടണം'—രാഷ്ട്രത്തിൻെറ
സ്രഷ്ടാക്കളതിലേറെ ഗൌരവം ദർശിസ്സുന്നു.
ഇരുളിൻ തിരശ്ശീല മറയിട്ടതാമക്കാ—
ട്ടുരുവിസ്സുള്ളിൽ തള്ളിക്കയറീവെളിച്ചങ്ങൾ
കാടുകൾ വെട്ടിബ്ഭുവിൻ മാറിനെപ്പിളന്നെങ്ങും
തോട്ടകൾ നിർമ്മിസ്സുന്നു മനുഷ്യൻ, കരങ്ങളാൽ!
പ്രളയം 'പുല്ലാ'ണണക്കെട്ടുകൾക്കു;ടിച്ചോട്ടെ
ജലമാഭിത്തിസ്സുമേലീഷ്യതൻ കാഠിന്യത്താൽ;
എന്നാലും, കൃഷിസ്സൊത്ത വെള്ളമേപുറത്തേസ്സു
വന്നീടൂ;—ധാർഷ്ട്യക്കാര'നണ'യെപ്പഴിച്ചോളൂ!

കുളിരേകിടും കുഞ്ഞിക്കയ്യുകൾ നീട്ടിജ്ജല-
നിരകൾ പുത്തൻതോട്ടിൽ പിച്ചവെച്ചണയുമ്പോൾ,
അകലെപ്പാടങ്ങൾതൻ കരളിൽ പുളകങ്ങ-
ളളവററാനന്ദത്താൽ, മേൽക്കുമേലുയരുന്നു!
ജലമായെങ്ങും, വയൽപൊന്നു ചൂടിടെന്നും
മഴയില്ലെന്നാലെന്തേ?-വെള്ളമുണ്ടൊഴുകുന്നു!
(കിണറും, കുളങ്ങളു,മണയും നിർമ്മിക്കുന്ന
മനുഷ്യപ്രയത്നത്തെക്കുറയ്ക്കാനാവാമല്ലേ?)

വിളയിൽ മെച്ചംകാൺകെക്കർഷകവദനത്തിൽ
വിരിഞ്ഞുവിലസുന്നു പുഞ്ചിരിപ്പൂമൊട്ടുകൾ!
(ഇനിയുണ്ടിടാമല്ലോ വിഷുവും, പെരുന്നാളും,
മലനാട്ടിലെത്തിരുവോണവും സംതൃപ്തമായ്!)
പാതകൾവെട്ടുന്നങ്ങുമിങ്ങുമായ്, ഗതാഗതം
സാദ്ധ്യമാക്കുവാൻ—മർത്ത്യസഞ്ചാരസുഖത്തിനായ്!
കൈത്തറിപുരോഗമിച്ചീടണം, ഗൃഹങ്ങളിൽ
കൈത്തൊഴിൽ ശീലിയ്ക്കണം രണ്ടുകാശുണ്ടാക്കുവാൻ:
പടിയായ് മുന്നേറുകയാണല്ലോ വ്യവസായം,.
പണിയേകുവാനെല്ലാപേക്ഷമായെന്നേയ്ക്കുമായ്.
(പടികൾതോറും മുട്ടീട്ടൊടുവിൽ നിരാശനായ്-
ക്കഴിയുമുദ്യോഗാർത്ഥിൻ, ബിരുദധാരിൻ, കേൾക്കൂ!
ഒരുനാൾരാഷ്ട്രത്തിൻെറയാശകൾ പുലരുമ്പോ-
ഴവിടെത്തുറന്നിടും നിനക്കായ് കവാടങ്ങൾ!)

യന്ത്രങ്ങൾതിരിയട്ടെ ഭാരതമെന്നേയ്ക്കുമായ്
സ്വന്തമായ് സമൃദ്ധിയിലെത്തുവാ,നതിശീഘ്രം.
(അവയെത്തിരിയ്ക്കുമാശക്തിയാൽ നശിയ്ക്കട്ടെ
ഇവിടെക്കളിയാടുമസ്വാസ്ഥ്യമിനിമേലിൽ)
തഴച്ചുവളരട്ടെ ചെടിയും തരുക്കളും,
നിറയെത്തിങ്ങീടാവൂ കനിയും, ഫലങ്ങളും.
അവയീനാടിന്നുള്ളിൽ പച്ചയായ്നില്ക്കും, മുദ്ധ-
കവനംപോലെന്നേയ്ക്കും,-മർമ്മരംപാടിപ്പാടി.
പഞ്ഞമറെറാരുപുത്തൻ മാതൃഭൂവിനായ്, നമ്മൾ-
ക്കുള്ളിലെക്കിനാവുകൾപുലരാ നാനന്ദിയ്ക്കാൻ,
അല്ലലററിങ്ങിപ്പുണ്യഭൂമിയിൽ സ്വർഗ്ഗംനേടാ-
നല്ലയോ പണിപ്പെട്ടു കഴിവുനേതാക്കന്മാർ!
പങ്കുചേരണം നമ്മൾ നാടിൻെറയാസൂത്രണ-
പദ്ധതി വിജയിയ്ക്കാൻ പാടുപെട്ടാലേയൊക്കൂ.

(ഒന്നാം സമ്മാനം)

# കിനാവുകൾ കതിരണിയുന്നു!

എം. പി. മെഹറലി

പൂർവ്വാംബരം അരുണിമയണിയുകയാണ്.
പുളകച്ചാർത്തണിഞ്ഞു
കൊച്ചരുവികൾ പുളഞ്ഞൊഴുകുന്നു
കളകളാരവത്തോടെ
കൊച്ചുകുരുവികൾ പറന്നുപോകുന്നു
സുരഭിലസുന്ദരസുമസഞ്ചയങ്ങൾ
വിടർന്നുവിലസുന്നു
സൌരഭ്യവാഹിനിയായ സമീരണൻ
മന്ദമന്ദം വീശുന്നു
സർവ്വത്രപ്രഹർഷപ്രകർഷം
എങ്ങും പ്രസന്നതയും, പ്രസരിപ്പും!

അതെ, ചിരകാലപ്രതീക്ഷിതമായ
ആ പുത്തൻപുലരി പുലരുകയാണ്
പ്രഭാപൂർണ്ണവും, പ്രഭാവസമ്പൂർണ്ണവുമായൊരു
പ്രഭാതം പ്രാചിയിൽ പൊട്ടിവിടരുകയാണ്
സമ്പന്നവും, സമൃദ്ധവുമായൊരു യുഗത്തിന്റെ
സമുൽഘാടനം നടക്കാൻ പോകയാണ്
സുഖദ സ്വപ്നത്തിന്റെ വിമലമേഖലയിൽ വിഹരിച്ചിരുന്ന
സുന്ദരദിവ്യലോകം സാക്ഷാൽകരിക്കപ്പെട്ടുകയാണ്!

പരസ്സഹസ്രമാണ്ടുകളുടെ
പഴക്കമുണ്ടാസ്വപ്നലോകത്തിനു,
വിവിധകാലഘട്ടങ്ങളിലെ
വിവിധജനവിഭാഗങ്ങളുടെ
വൈവിദ്ധ്യമേറിയ സ്വപ്നമണ്ഡലങ്ങൾ
ദർശിച്ചതാണാമോഹനലോകം!

ശിലായുഗത്തിലെ
അജ്ഞനും, അപരിഷ്കൃതനുമായ മനുഷ്യനും
ലോഹയുഗത്തിലെ
അല്പജ്ഞനും, അപക്വമതിയുമായ മനുഷ്യനും
അണുയുഗത്തിലെ
പ്രജ്ഞനും, പ്രഗത്ഭനുമായ മനുഷ്യനും
നിർവൃതികരമായ ആ മധുരോദാരസ്വപ്നമരന്ദം
അകംനിറഞ്ഞ അത്യാർത്തിയോടെ നുകർന്നിരിക്കണം!

പ്രതിഭാധനനായ ടാഗോറിന്റെ
കവിതനിറഞ്ഞ വാക്കുകൾ നോക്കൂ:

"All Creatures are crying for a new birth of thine"
ആ പുത്തൻപുലരി പുലരുകയാണ്!
ആ നവലോകം നാമ്പെട്ടുക്കുകയാണ്!

അവിടെ,
പരാതിയുടെ,
പരാധീനതയുടെ,
പരിതാപത്തിൻെറ
കാളിമകലന്ന കാർമുകിലില്ല;
വിഷമതകളുടെ,
വിഷാദത്തിൻെറ,
വിനാശത്തിൻെറ
വിപൽക്കരമായ കാൽപ്പെരുമാററങ്ങളില്ല;
കക്ശതയുടെ,
കണ്ണുനീരിൻെറ,
കദനത്തിൻെറ
എരിപൊരികൊള്ളുന്ന കനല്കളില്ല;
അവഹേളനത്തിൻെറ,
അവഗണനയുടെ,
അവശതയുടെ
അശ്രീകരമായ കാൽപ്പെരുമാററങ്ങളില്ല.
വൈകൃതവും, വൈരൂപ്യവും, വൈകല്യവുമില്ലാത്ത
ആ ലോകം ആലോലസുന്ദരമാണ്.
മനുഷ്യത്വത്തിൻെറ ശവക്കുഴിയിൽനിന്നു
അടത്തിയെടുത്ത കല്ലുകൾകൊണ്ട് പടുത്തുയർത്തിയ
ജാതീയ—വിഭാഗീയ ചിന്ത
തരിമ്പും തീണ്ടാത്തതാണാലോകം;
അവിടെ മനുഷ്യൻ
സഹോദരനായ മനുഷ്യനെക്കാണുന്നു.
കല്പനാമണ്ഡലത്തിൽ,
മരണമില്ലാത്ത വിശ്വമഹാകവി ഇക്ബാൽ
കെട്ടിപ്പടുത്തതാണാലോകം!
സൃഷ്ടിക്കാനായി,
മറക്കപ്പെടാത്ത മഹാകവി ടാഗോർ
പ്രചോദനം നല്കിയതാണാലോകം!
സ്വപ്നമേഖലയിൽ,
മൺമറഞ്ഞ മഹാത്മാവായ ഗാന്ധിജി
കരൾകുളിർക്കെക്കണ്ടതാണാലോകം!
ആ, ലോകം,
അതിവിദൂരതയിലല്ല;
ആ നവോഷസ്സ്.
അതാ പൂർവ്വാംബരത്തിലണിഞ്ഞൊരുങ്ങുന്നു;
അതെ, നെടുനാളത്തെ
കനകക്കിനാവുകൾ കതിരണിയുകയാണ്!

# II നല്ല നാളെ

എ. കെ. ബാലകൃഷ്ണൻനായർ, B. Sc. I

[വിശപ്പിന്റെ വിളികൾ നാലുപുറവും മുഴങ്ങിക്കേൾക്കുകയാണ്. നമ്മുടെ നാട്ടിന്റെ പുരോഗതിയുടെ മുമ്പിൽ നൂറായിരം പ്രശ്നങ്ങൾ പ്രതിബന്ധങ്ങളായി നില്ക്കുകയാണ്. പക്ഷെ ഇന്നത്തെ ഈ ദയനീയ പരിതസ്ഥിതിമാററി നാമൊരു സമത്വസുന്ദരമായ ഭരണം കെട്ടിപ്പടുക്കാൻ പരിശ്രമിക്കുകയാണ്. അങ്ങിനെ അല്ലും അലട്ടും അകററി സന്തോഷവും സംതൃപ്തിയും നിറഞ്ഞ ഒരു നല്ലനാളെ ഉദിച്ചുയരുമെന്നു പ്രത്യാശിക്കുക]

പുതിയൊരുവെട്ടം വീശുകയായിത, പുതുമനിറഞ്ഞൊരുപുലരിവരുന്നു
ഉണരുക നമ്മുടെ സ്വപ്നശതങ്ങൾ പൊൻപൂശുകയായ്നമ്മുടെച്ചുററും
ഇന്നലെയോളമിരുട്ടിൽ കണ്ണ്വലിച്ചുകുടിച്ചൊരുനമ്മൾക്കിന്നിത
പൊന്നോമൽപ്പുതു പുലരിവരുന്നു മാദകമധുരിതമധുകംഭവ്യമായ്.
അന്നൊരുമന്നൻ മാബലിയിവിടെ മിന്നുംസൌഹൃദ വീചികൾവീശി
വന്നുഭരിച്ചൊരു സുന്ദരസുരഭിലകേരളമെങ്ങോപോയിമറഞ്ഞു
സത്യസമത്വ വിശുദ്ധികളെങ്ങും പൊൽക്കതിർതൂവിപ്പോയൊരുകാലം.
നിത്യമനോഹരമിന്നതുവീണ്ടും നൃത്തംവെക്കാനെത്തുകയായി
ഭാരതനാട്ടിൽ പൊൻവിളയിക്കും ധീരകൃഷീവല—രണിചേർന്നിന്നിത
ഭൂരിസമൃദ്ധികൾ വിളയുംനല്ലൊരു പുതുപുലരിക്കായ്കാത്തുകിടപ്പൂ!
ഇരുളിൽ ഭീകര ഭരണമൊഴിഞ്ഞൊരു നവഭാരതമിതപണിയാനായി
വരുവിൻ ചോരതുടിക്കും കയ്യിൽ സ്വാതന്ത്ര്യത്തിൻപൊൽത്തിരിയേന്തി
നീളെവരുന്നു ചെങ്കതിർവീശി പാടലശോഭയിൽ മുങ്ങിമയങ്ങി
'നാളെ'-സുശോഭനമാമൊരു'നാളെ', ച്ചെമ്പനിനീരിൻസൌരഭ്യവുമായ്
നാളെക്കുഞ്ഞിക്കണ്ണുതുറക്കും പൂവുകൾ പാട്ടമൊരൈശ്വര്യത്തി—
ന്നോമൽഗാനം നാടിൻചെവികളിലാനന്ദത്തിന്നമൃതം ചൊരിയും
നാളെയുഷസ്സിൽ പൂർവ്വദിശാമുഖമണിയുംകുങ്കുമലേപം നമ്മുടെ
നാടിൻ മോഹനസംസ്കാരത്തിന്നലകളുതിക്കും, പുളകംപെയ്യും
ഭാരതപൂർവ്വികരക്തം സിരകളിൽ ജീവനുതിക്കും നാളവരേക്കും
നാടിൻപാവനസംസ്കാരത്തിൻകൊടികളുയർത്തും കുഞ്ഞിക്കൈകൾ.
ഇന്നും ചുററുമിരമ്പിക്കേൾക്കും പൊരിയുംവയറിൻമുറവിളിശബ്ദം.
ഇല്ലിനി; നാളെകേൾക്കാം നിങ്ങൾക്കാനന്ദത്തിൻകിങ്ങിണിനാദം.
നീളെവരുന്നുപൊൻകതിർ വീശിപാടലശോഭയിൽമുങ്ങിമയങ്ങി
'നാളെ'—സുശോഭനമായൊരു 'നാളെ' ചെമ്പനിനീരിൻസൌര
ഭ്യവുമായ്


(രണ്ടാം സമ്മാനം)

കവിത

# നിലാവിൽ

എ. പി. ഐ. സാദിഖ് M. A.

(പൂർവ്വവിദ്യാർത്ഥി)



അരളിപ്പൂക്കളിലിക്കിളി പാകാൻ
കുളിർകാറ്റോടി നടക്കുമ്പോൾ,
മാങ്കൊമ്പുകളിൽ പാടിയിരുന്നൊരു
പൂങ്കുയിൽ മെല്ലെയുറങ്ങുമ്പോൾ,
അകലെക്കാവിൽ വിടരും കൈത–
പ്പൂങ്കുല തൻ മൃദുനിശ്വാസം
ഹൃദയത്തിൻ മണിമുററത്തിൽ മദ–
മരുളും വാടികതീർക്കുമ്പോൾ,

വിസ്‌മൃതിയേകിട്ട മനുഭൂതിയിലെൻ
ചേതനയലസം നീന്തുമ്പോൾ,
ഞാനറിയാതെയൊരാലസ്യത്തിൻ
പാണികളെന്നെത്തഴുകുമ്പോൾ,

നീലനിലാവിന്നലയിലലിഞ്ഞെ–
ന്നരികിൽ വന്നൊരു സംഗീതം!
കരളിന്നറകളിൽ നിർവൃതിതൻ പൊൽ–
ക്കിരണമുതിർക്കും സംഗീതം!
തരളിതമാമെൻ നിനവിലതപ്പോ–
ളരിയൊരു പുളകം വിരചിച്ചു!
അതി,ലിഴുകിച്ചേർന്നൊഴുകി,യനന്തത–
പൂകാനുഴറിയ മമ ഹൃദയം!
എവിടുന്നിപ്പോ,ളിവിടെയണഞ്ഞു
കവിതയുണർത്തും സംഗീതം?

.......................................................

കാണായപ്പോൾ അകലെപ്പാല–
ത്തണലിൽ, നിഴലിൽ, ഗായകനെ!
കല്പനതൻ പൂമച്ചിലലഞ്ഞൊരു,
ചേതന നിന്നു വിറയ്ക്കുകയായ്.
അന്ധ,നയാളൊരു യാചക,നെന്നൊരു
ദീനത വായ്ക്കും പേക്കോലം!
ഇരുളാവോളം കനിവിന്നായി–
ട്ടുഴറിനടന്നു തളർന്നാലും
സംഗീതാമൃത ലഹരിയിലായുവ–
ഹൃദയം തളരാതൊഴുകുന്നു!
ഇരുളാണവ,നെന്നാകിലു,മുണ്ടാ–
ക്കരളിൽക്കലയുടെ മണിനാദം!
'ഷെല്ലി'പറഞ്ഞൊരു വാചകമപ്പോൾ
ഉള്ളിൽ തങ്ങി വിളമ്പുകയായ്:
"നോവുകൾ തിങ്ങും ചിന്തയിലല്ലോ
മോഹനഗീതികൾ വിരിയുന്നു!"

# തൂലിക

(ഗാഥ) —വി. സി. ശ്രീധരൻ

**ലോ**കചരിത്രത്തിൻ താളുകളൊന്നവ–
ലോകനം ചെയ്യുമ്പോൾ കാണ്മിതേവം.

തൂമിന്നൽപോലൊളിയേന്തുന്ന വാളേക്കാൾ
തൂമഷിയേന്തുന്ന തൂവലത്രേ

നീതിക്കുവേണ്ടിയടരാടി, മന്നില–
നീതിയെത്തീരെത്തുടച്ചു നീക്കാൻ.

''തൂലികത്തുമ്പത്തെത്തൂമഷിത്തുള്ളിയി–
ലീലോകമാകവേ ബിംബിക്കുന്നു.''

തേളുപോലെല്ലുന്തി നില്ക്കുന്ന മാറോട–
ച്ചാളയിൽ മേവുന്ന കർഷകനും

നൈരാശ്യ നീർച്ചുഴിയിൽപ്പെട്ടു വീർപ്പിട്ടു
പാരം വലയുന്ന പാവത്തിനും

ആശ്വാസമേകിയക്കണ്ണീർ തുടച്ചവ–
ക്കാശ മനസ്സിൽ വളർത്തിയാരോ?

പോരിന്നു വാളേന്തിപ്പായുന്ന വീരൻെറ
ചോരതിളപ്പിച്ചിടുന്നതാരോ

പാരതന്ത്ര്യത്തിൻെറ പഞ്ജരത്തിൽമേവും
കീരത്തെയാരുവാൻ തൊട്ടുണർത്തി.

ക്രോധാൽ സ്വയം മറന്നാപത്തിൽ വീഴ്‌വോർക്കു
ബോധം പുനരാരു നല്കിടുന്നു.

പാരിതിൽ സ്നേഹത്തോടാദ്യന്തം വാഴുവാൻ
നേരിൻെറ മാർഗ്ഗമാർ കാട്ടിത്തന്നു.

വിജ്ഞാനപ്പൊന്നൊളി പാരിൽ പരത്തിക്കൊ–
ണ്ടജ്ഞാനം ദൂരീകരിപ്പതാരോ?

സുന്ദരിയാകും പ്രകൃതിതൻ ഭാവങ്ങൾ
മഞ്ജുളമായി വർണ്ണിപ്പതാരോ?

ചിത്തമാം വിത്തേശ ഹൃത്തിൽ ദയാലുതാ–
മെത്തിച്ചു ശുദ്ധിയണപ്പതാരോ?

ആയതുതന്നെയീലോകത്തെയാകവേ
പാലമൃതൂട്ടിക്കും പൂർണ്ണചന്ദ്രൻ.

ലോകത്തെ യാകവേ മാററി മറിച്ചിടും
സാഹിതീ സേവകന്നുററതോഴൻ.

''തൂലികത്തുമ്പത്തെത്തൂമഷിത്തുള്ളിയി–
ലീലോകമാകവേ ബിംബിക്കുന്നു.''